"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിനായി വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിൽ (പ്ലാൻ) നിന്നും രണ്ടാം ഗഡു ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.197/2023/SJD തീയതി,തിരുവനന്തപുരം, 20-09-2023

---

പരാമർശം:-
1. 08.05.2023-ലെ സ.ഉ (സാധാ) നം. 102/2023/സാ.നീ.വ സർക്കാർ ഉത്തരവ്
2. 09.06.2023-ലെ സ.ഉ (സാധാ) നം. 133/2023/സാ.നീ.വ സർക്കാർ ഉത്തരവ്
3. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 09.08.2023-ലെ കെ. എസ്. എച്ച് പി. ഡബ്ല്യൂ.സി/200/2022/എ.5 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം 1-ലെ സർക്കാർ ഉത്തരവു പ്രകാരം കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ലിമിറ്റഡിന് ശുഭയാത്ര, ആശ്വാസം, ഹസ്തദാനം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 235-02-190-98-പ്ലാൻ എന്ന ശീർഷകത്തിൽ 9,00,00,000/- രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്നും 2023-2024 സാമ്പത്തിക വർഷത്തെ ആദ്യ ഗഡുവായി 1,80,00,000/- രൂപ പ്രസ്തുത സ്ഥാപനത്തിന് അനുവദിച്ച് കൊണ്ട് പരാമർശം 2-പ്രകാരം ഉത്തരവായിരുന്നു.

2. ടി ശീർഷകത്തിൽ നീക്കിയിരുപ്പുള്ള 7,20,00,000/- രൂപ അനുവദിച്ചു നൽകണമെന്ന് അഭ്യർത്ഥിച്ച് പരാമർശം 3-പ്രകാരം കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിനായി 2235-02-190-98-പ്ലാൻ എന്ന ശീർഷകത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള 9,00,00,000/- രൂപയിൽ നിന്നും 1,62,00,000/- രൂപ (ഒരു കോടി അറുപത്തി രണ്ട് ലക്ഷം രൂപ മാത്രം) രണ്ടാം ഗഡു ധനസഹായമായി താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) 16.04.2018-ലെ സ. ഉ (പി) നമ്പർ. 62/18/ധന-യിലെ വ്യവസ്ഥയ്ക്ക് വിധേയമായി ടി തുക ട്രഷറിയിലെ അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.

2) 09.12.2008-ലെ സർക്കുലർ നമ്പർ. 84/2008/ധന-യിലെയും 30.01.2018-ലെ സർക്കുലർ നമ്പർ. 08/2018/ധന-യിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

3) അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ. ഉ (കൈ) നമ്പർ. 04/2020/ധന പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധനകാര്യ വകുപ്പിന് സമർപ്പിക്കേണ്ടതാണ്. കൂടാതെ 11.09.2020-ലെ സ. ഉ (കൈ) നമ്പർ. 93/2020/ധന പ്രകാരം ഓഡിറ്റ് ചാർജ് കുടിശ്ശികയില്ലെന്ന സാക്ഷ്യപത്രം കൂടെ സമർപ്പിക്കേണ്ടതാണ്.

4) വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ് കുമാർ.റ്റി.ഐ
ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്, പൂജപ്പുര, തിരവനന്തപുരം
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) തിരുവനന്തപുരം ധനകാര്യ (പി.യു.-സി) വകുപ്പ് 14/09/2023-ലെ 2454536/പി.യു-സി.4/52/2023-ധന നമ്പർ കുറിപ്പ് പ്രകാരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ്/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Vipin.s.d.
Date: 20-09-2023 11:42:34
സെക്ഷൻ ഓഫീസർ